പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 352 — 28.10.2019 -ൽ മറുപടിക്ക്

**വിശപ്പുരഹിത കേരളം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) വിശപ്പുരഹിത കേരളം പദ്ധതി നിലവിൽ സംസ്ഥാനത്ത് എവിടെ യെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ; | (എ) വിശപ്പ രഹിത കേരളം (സുഭിക്ഷ) പദ്ധതി ആലപ്പുഴ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട, തൃശ്ശൂർ ജില്ലകൾക്ക് ടി പദ്ധതിയ്ക്കായി ഒരു കോടി രൂപ അനുവദിക്കുകയും ആയത് പ്രകാരം നഗരസഭയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുത്ത് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. കോട്ടയം, കൊല്ലം ജില്ലകൾക്ക് നടപ്പ് സാമ്പത്തിക വർഷം 45 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ സ്വീകാര്യത കണക്കിലെടുത്ത് സംസ്ഥാന വ്യാപകമായി പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നു വരുന്നു. |
| (ബി) വിശപ്പുരഹിത കേരളം പദ്ധതിയ്ക്കായി ജില്ലകളോ സ്ഥലങ്ങളോ തെരഞ്ഞെ ടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. ആവശ്യ ക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ നല്കുക വഴി സമൂഹത്തിൽ നിന്നു വിശപ്പ് ഇല്ലാതാക്കുകയെന്ന താണ് പദ്ധതിയുടെ ലക്ഷ്യം. ഈ മേഖലയിൽ പ്രവർത്തി പരിചയമുള്ള സർക്കാർ/ സർക്കാരിതര സന്നദ്ധ സംഘടനകളുടെ സഹകരണത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇത്തരം സർക്കാർ/ സർക്കാരിതര സംഘടനകൾ പദ്ധതി നടത്തിപ്പിന് സഹകരിക്കുന്നതിനായി മുന്നോട്ടുവന്ന ജില്ലകൾക്കും കൂടുതൽ ആളുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് ജില്ലാ ഭരണകൂടം റിപ്പോർട്ട് ചെയ്ത ജില്ലകൾക്കുമാണ് ആദ്യഘട്ടത്തിൽ മുൻഗണന നല്കിയിട്ടുള്ളത്. |
| (സി) പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ എന്തെങ്കിലും സഹായം സംസ്ഥാനത്തിന് നൽകുന്നുണ്ടോ ; | (സി) ഇല്ല. ഈ പദ്ധതി പൂർണ്ണമായും സംസ്ഥാന സർക്കാർ പദ്ധതിയാണ്. |
| (ഡി) വിശപ്പുരഹിത കേരളം പദ്ധതിയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കു മോയെന്ന് വ്യക്തമാക്കുമോ ? | (ഡി) വിശപ്പുരഹിത കേരളം പദ്ധതിയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന് ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾക്കായി മതിയായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷം 10 ലക്ഷം രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**